## 1210

ജയ ജയ ജഗൽ ഗുരുവേ വരുന്നിതാ തിരുസവിധേ
അനുദിനമനവധി തിരുകൃപകൾ തന്ന് അടിയാരെ നയിക്കണമേ

1 ക്രിസ്തുവിൽ ഞങ്ങളെ ജയോത്സവമായ്
നടത്തുന്ന ദൈവത്തിൽ ആശ്രയിപ്പാൻ
നാഥാ നിൻ ശക്തിയാൽ നിറയ്ക്കണമേ
നിത്യം ജയത്തോടെ മുന്നേറുവാൻ-

2 ക്രിസ്തുവിൻ സുവിശേഷസാക്ഷികളായ്
ഞങ്ങളെന്നും സൗരഭ്യവാസനയായ്
നാഥാ നിൻ പത്രമായ് വെളിപ്പെടുവാൻ
ആത്മദാനങ്ങൾ നൽകിടണേ-

3 ക്രിസ്തുവിൻ കഷ്ടത്തിൽ കൂട്ടാളിയായ്
ഞങ്ങൾ ദുഃഖിതരെ മുറ്റുമാശ്വസിപ്പാൻ
നാഥാ നിൻ ആശ്വാസം അനുഗ്രഹമായ്
കൃപയാലെന്നും ചൊരിയണമേ-

4 ക്രിസ്തുവിൻ തേജസ്സെ കണ്ണാടിപോൽ
ഞങ്ങൾ ശോഭിക്കുന്നവരായിടുവാൻ
നാഥാ നിൻ തേജസ്സ് പ്രാപിച്ചെന്നും
പ്രതിരൂപമായ് മാറ്റിടണേ- **P.B.S.**